**പതിമൂന്നാം കേരള നിയമസഭ**

# പിന്നോക്കസമുദായ ക്ഷേമ സമിതി

# (2014-2016)

**ഒൻപതാമത് റിപ്പോർട്ട്**

(2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**വിദ്യാഭ്യാസ അവകാശ നിയമപ്രകാരം തീരദേശ/മലയോര മേഖലകളിലെ സർക്കാർ എൽ. പി./യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

**പിന്നോക്കസമുദായ ക്ഷേമ സമിതി**

**(2014-2016)**

**ഒൻപതാമത് റിപ്പോർട്ട്**

(2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**വിദ്യാഭ്യാസ അവകാശ നിയമപ്രകാരം തീരദേശ/മലയോര മേഖലകളിലെ സർക്കാർ എൽ. പി./യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്**

52/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്കസമുദായ ക്ഷേമ സമിതി

# (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിലും പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവും ആയ പിന്നോക്കാവസ്ഥ പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ, കേരളത്തിലെ പിന്നോക്കസമുദായങ്ങളിൽപ്പെട്ടവരുടെ സർവ്വതോമുഖമായ പുരോഗതിയും ക്ഷേമവും മുൻനിർത്തി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 261-ഇ പ്രകാരം 1993-ൽ രൂപീകരിച്ച സമിതിയാണ് കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതി. നിലവിലുള്ള പിന്നോക്കസമുദായ ക്ഷേമ സമിതി 2014 മേയ് 30-ാം തീയതി പുനഃസംഘടിപ്പിക്കപ്പെട്ടു.

പിന്നോക്കസമുദായങ്ങളുടെ സർവ്വതോമുഖമായ പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുക, പിന്നോക്കാവസ്ഥയെക്കുറിച്ച് പഠനം നടത്തുക തുടങ്ങിയവയാണ് സമിതിയുടെ പ്രധാന കർത്തവ്യങ്ങൾ.

ഒരു സമൂഹത്തിന്റെ ഉന്നതി അവരാർജ്ജിക്കുന്ന വിദ്യാഭ്യാസത്തിൽ അധിഷ്ഠിത മാണെന്ന വസ്തുത പിന്നോക്കസമുദായങ്ങളുടെ കാര്യത്തിലും വ്യത്യസ്തമല്ല. ആയതിനാൽ, ഈ വിഭാഗങ്ങൾക്ക് മറ്റുള്ളവരോടൊപ്പം വിദ്യാഭ്യാസ സൗകര്യം നൽകേണ്ടത് ഏതൊരു ജനാധിപത്യ സർക്കാരിന്റെയും മുഖ്യകടമകളിലൊന്നാണ്.

സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ ആദിവാസികൾ ഉൾപ്പെടെയുള്ള പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്രൈമറി വിദ്യാഭ്യാസം നേടാനുള്ള സൗകര്യമില്ലാത്തതിന്റെ പേരിൽ വിദ്യാഭ്യാസം നേടാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് അപ്പർ പ്രൈമറി സ്കൂളുകൾ അനുവദിക്കണ മെന്നും പഠിക്കാൻ അവസരം സൃഷ്ടിക്കണമെന്നുമുള്ള ആവശ്യങ്ങളിന്മേൽ സംഘടനകളിൽ നിന്നും വ്യക്തികളിൽനിന്നും സമിതിക്ക് ലഭിച്ചിട്ടുള്ള പരാതികൾ പരിഗണിച്ച് സമിതി നടത്തിയ സന്ദർശനത്തിൽനിന്നും സമിതിയും ഉദ്യോഗസ്ഥരും ഒറ്റയ്ക്കും കൂട്ടായും നടത്തിയ ചർച്ചകളെത്തുടർന്ന് സമിതിക്ക് നേരിട്ട് ബോധ്യപ്പെട്ട വസ്തുതകളുടെ അടിസ്ഥാന ത്തിലാണ് സമഗ്രമായ ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്.

പതിനാല് വയസ്സുവരെ <u>സൗജന്യ വിദ്യാഭ്യാസം നേടുന്നത് അവകാശമായി നിയമം നിലവിൽവന്ന സാഹചര്യത്തിൽ ഒരു കിലോമീറ്ററിനകത്ത് എൽ. പി. സ്കൂളും മൂന്ന് കിലോമീറ്ററിനുള്ളിൽ യു. പി. സ്കൂളും നിർബന്ധമായും ഉണ്ടായിരിക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ഞെട്ടിക്കുന്നതും അത്ഭുതകരവുമായ വിവരങ്ങളാണ് സമിതിക്ക് ലഭിച്ചത്. മൂന്ന് മുതൽ എട്ട് കിലോമീറ്റർ യാത്ര ചെയ്ത് യു. പി. സ്കൂൾ പഠനം കരസ്ഥമാക്കേണ്ട അവസ്ഥയുള്ളതും ആവശ്യത്തിലേറെ കുട്ടികൾ ഉണ്ടായിട്ടും ഇതിനകം അപ്ഗ്രഡേഷൻ നടത്തിയിട്ടില്ലാത്തതും 100-130 വർഷം വരെ പഴക്കമുള്ളതും അപ്ഗ്രഡേഷൻ നടത്താൻ ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഉള്ളതുമായ സർക്കാർ എൽ. പി. സ്കൂളുകൾ അടുത്ത അദ്ധ്യയന വർഷത്തിൽ തന്നെ അപ്ഗ്രഡേഷൻ നടത്തണമെന്ന ശക്തമായ ശിപാർശ ഉൾക്കൊള്ളുന്നതാണ് ഈ സമിതി റിപ്പോർട്ട്.</u>

പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ (2014-2016) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം 9-മത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ 11-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,

*ചെയർമാൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 16.

# റിപ്പോർട്ട്

കേരളത്തിൽ ഇന്നും അപ്പർ പ്രൈമറി തലത്തിൽ വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കാത്തതിന്റെ പേരിൽ പഠനം നിർത്തേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗതാഗതസൗകര്യങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും അപര്യാപ്തമായ മലയോര മേഖലകളിലെ പിന്നോക്ക പ്രദേശങ്ങളിൽ സ്കൂളുകൾ അനുവദിക്കണമെന്നും നിലവിലുള്ള എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പിന്നോക്കസമുദായ ക്ഷേമ സമിതിക്ക് നിരവധി ഹർജികൾ ലഭിച്ചു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള വിവിധ ഹർജികളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു:

1. <u>കെല്ലൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ വയനാട്, യു.പി. സ്കൂളായും ഹൈസ്കൂളായും ഉയർത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 5771/ബി.സി.സി1/14/നി.സെ.)

കെല്ലൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ സ്ഥാപിതമായിട്ട് 130 വർഷങ്ങൾ കഴിഞ്ഞു. ന്യൂനപക്ഷ-പിന്നോക്ക വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തുനിന്നും പ്രതിവർഷം നൂറ് കണക്കിന് വിദ്യാർത്ഥികളാണ് ദൂരസ്ഥലങ്ങളിലുള്ള സ്കൂളുകളെ ഉപരിപഠനത്തിനായി ആശ്രയിക്കുന്നത്. സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ വളർച്ചയ്ക്ക് സഹായകരമാകാൻ കെല്ലൂർ ഗവ. എൽ.പി. സ്കൂൾ എത്രയും വേഗം യു.പി. സ്കൂളായും ഹൈസ്കൂളായും ഉയർത്തണമെന്നതാണ് ഹർജി വിഷയം.

2. <u>നെല്ലിയമ്പം ഗവ. എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3788/ബി.സി.സി.1/14/നി.സെ.)

വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് നെല്ലിയമ്പം. ഇവിടെ 1998-ൽ സ്ഥാപിതമായ ഒരു ഗവ. എൽ.പി. സ്കൂൾ മാത്രമാണ് ഉള്ളത്. ഈ വിദ്യാലയത്തിൽ ഈ വർഷം 193 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അപ്പർ പ്രൈമറി വിദ്യാഭ്യാസം നേടുന്നതിനായി 4 കി.മീ. അകലെ സ്ഥിതി ചെയ്യുന്ന സ്കൂളുകളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ ഈ വിദ്യാലയത്തിലെ 99% ഓളം വരുന്ന പിന്നോക്ക-പട്ടികജാതി-പട്ടികവർഗ്ഗ-ന്യൂനപക്ഷ വിഭാഗക്കാരുടെ വിദ്യാഭ്യാസം നിന്നു പോകുന്നതായും ഈ പ്രവണത വർദ്ധിച്ചുവരുന്നതായും ഹർജിയിൽ സൂചിപ്പിച്ചിരിക്കുന്നു. വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിന് യു.പി. വിദ്യാഭ്യാസം ലഭ്യമാക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. സ്കൂൾ രക്ഷാകർതൃ സമിതിയാണ് പ്രസ്തുത ഹർജി സമർപ്പിച്ചിരിക്കുന്നത്.

3. <u>കുഞ്ഞോം ഗവ. എൽ.പി. സ്കൂൾ പി.ടി.എ. പ്രസിഡന്റ് സമർപ്പിച്ച ഹർജി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 5769/ബി.സി.സി.2/2014/നി.സെ.)

വയനാട് ജില്ലയിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള കുഞ്ഞോം പ്രദേശത്ത് 1903-ൽ സ്ഥാപിതമായ ഗവ. എൽ.പി. സ്കൂൾ ഇന്നും ലോവർ പ്രൈമറി സ്കൂളായി

തുടരുകയാണെന്നും 2010-ൽ RMSA പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളും 2014-ൽ ഹയർ സെക്കന്ററിയും അനുവദിച്ചുവെങ്കിലും പ്രസ്തുത സ്കൂളിൽ യു.പി. സ്കൂൾ ഇല്ലാത്തതിനാൽ ഈ പ്രദേശത്തുള്ളവർ യു.പി. സ്കൂൾ പഠനത്തിനായി 6 കി.മീ. അകലെയുള്ള സ്കൂളിനെ ആശ്രയിച്ചശേഷം ഹൈസ്കൂൾ പഠനത്തിനായി വീണ്ടും ഈ സ്കൂളിൽ വരേണ്ട അവസ്ഥയാണെന്നും അതിനാൽ ഇവിടെ യു.പി. സ്കൂൾ അനുവദിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. പൊതുവിദ്യാഭ്യാസ വകുപ്പ് ഈ സ്കൂൾ യു.പി. സ്കൂളായി ഉയർത്താൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തികബാദ്ധ്യതയുടെ പേരിൽ ധനകാര്യ വകുപ്പ് തുടർനടപടികൾ തടഞ്ഞു വയ്ക്കുകയാണുണ്ടായതെന്നും ധനകാര്യ വകുപ്പിന്റെ നിഷേധാത്മക സമീപനത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.

4. <u>വാരാമ്പറ്റ ഗവ. ഹൈസ്കൂളിന് ഭൗതിക സാഹചര്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് പി.ടി.എ. പ്രസിഡന്റ് സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 5597/ബി.സി.സി.2/2014/നി.സെ.)

2012-13 അദ്ധ്യയനവർഷം RMSA (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിയിലുൾപ്പെടുത്തി ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത വാരാമ്പറ്റ ഗവ. ഹൈസ്കൂളിന് സ്വന്തമായി കെട്ടിടമില്ലെന്നും വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വിദ്യാർത്ഥികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളില്ലെന്നും MSDP പദ്ധതിപ്രകാരം 50 ലക്ഷത്തിന്റെ കെട്ടിടം പണിയുന്നതിനുള്ള സാങ്കേതികാനുമതി ലഭിച്ചുവെങ്കിലും ഇതുവരെ പണി ആരംഭിച്ചിട്ടില്ലെന്നും അദ്ധ്യയനത്തിനുവേണ്ട അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ നടന്നില്ലെന്നും ആയതിനാൽ, പ്രസ്തുത ആവശ്യങ്ങളിന്മേൽ അനുകൂല നടപടിയുണ്ടാകണ മെന്നതാണ് ഹർജിയിലെ ആവശ്യം.

5. <u>ആമയൂരിൽ സ്കൂൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് അൽ-ഹുദാ എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് സമർപ്പിച്ച ഹർജി</u>

(ഫയൽ നമ്പർ 5598/ബി.സി.സി.1/10/നി.സെ.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട്, കാവനൂർ, എടവണ്ണ, പൂൽപ്പറ്റ തുടങ്ങിയ പഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്ന, കർഷകത്തൊഴിലാളികളായ പട്ടികജാതി-പട്ടികവർഗ്ഗക്കാരും മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളും തിങ്ങി താമസിക്കുന്ന ആമയൂർ പ്രദേശം വിദ്യാഭ്യാസപരമായും സാമൂഹികമായും ഏറെ പിന്നിൽ നിൽക്കുന്ന പ്രദേശമാണ്. 1951-ൽ മദ്രാസ് സ്റ്റേറ്റ് ഗവൺമെന്റിന്റെ കാലത്ത് സ്ഥാപിതമായ വ്യക്തിഗത മാനേജ്മെന്റിന് കീഴിലുള്ള ഒരു എൽ.പി. സ്കൂൾ മാത്രമാണ് ഈ പ്രദേശത്ത് ആകെയുള്ളത്. അപ്പർ പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനായി

6 കി.മീ. അകലെയുള്ള കാവന്നൂർ, കാരക്കുന്ന്, ഇളയൂർ, ചെങ്ങര എന്നിവിടങ്ങളിലുള്ള സ്കൂളുകളെയും 12 കി.മീ. ദൂരെ മഞ്ചേരിയിലുള്ള സ്കൂളുമാണ് ഇവിടത്തെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. ഗതാഗത സൗകര്യങ്ങൾ വളരെ അപര്യാപ്തമായതിനാൽ നടന്നാണ് വിദ്യാർത്ഥികൾ സ്കൂളിലെത്തുന്നത്. കൃത്യമായി സ്കൂളിൽ എത്തിച്ചേരാനോ ശാരീരികവും മാനസികവുമായ പ്രയാസംമൂലം തുടർന്ന് പഠിക്കാനോ അവർക്ക് സാധിക്കുന്നില്ല. ആയതിനാൽ, പഠനം പാതിവഴിയിൽ ഉപേക്ഷിക്കാൻ കുട്ടികൾ നിർബന്ധിതരാകുന്നു. അതിനാൽ, ഉന്നത വിദ്യാഭ്യാസം നേടുന്നതിനോ സർക്കാർ സർവ്വീസിലോ മറ്റ് പ്രൊഫഷണൽ മേഖലകളിലോ ജോലി നേടുന്നതിനോ അവർക്ക് സാധിക്കുന്നില്ല. പ്രസ്തുത പ്രദേശത്ത് ഹയർ സെക്കന്ററി വരെയുള്ള ഒരു സർക്കാർ/എയ്ഡഡ് സ്കൂൾ സ്ഥാപിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. സ്കൂൾ അനുവദിക്കുന്നപക്ഷം ആവശ്യമായ ഭൗതിക സാഹചര്യങ്ങളും മറ്റും ഒരുക്കാൻ ട്രസ്റ്റ് സന്നദ്ധമാണെന്നും ഹർജിയിൽ സൂചിപ്പിച്ചിരിക്കുന്നു.

6. <u>മലയോര/തീരദേശ പിന്നോക്ക പ്രദേശങ്ങളിലെ അംഗീകൃത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി.</u>

(ഫയൽ നമ്പർ 2825/ബി.സി.സി.1/2012/നി.സെ.)

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ മലയോരകുടിയേറ്റ മേഖലകളിൽ സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി 6 വയസ്സിനും 14 വയസ്സിനുമിടയിൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പാർശ്വവൽക്കരിക്കപ്പെട്ട <u>ആദിവാസികൾ, പിന്നോക്കസമുദായങ്ങൾ എന്നിവർ അധിവസിക്കുന്ന വയനാട് ജില്ലയിലെ മലയോര മേഖലകളിൽ സ്ഥിതി ചെയ്യുന്ന 4 സ്കൂളുകളിൽ സമിതി നേരിട്ട് ചെന്ന് തെളിവെടുപ്പ് നടത്തിയപ്പോൾ ബോദ്ധ്യപ്പെട്ട അതീവഗൗരവമുള്ളതും അടിയന്തര പ്രാധാന്യം അർഹിക്കുന്നതുമായ ഒരു വിഷയത്തെക്കുറിച്ചാണ് ഈ റിപ്പോർട്ട്.</u>

100 വർഷത്തിലേറെ എൽ.പി.സ്കൂളായി പ്രവർത്തിച്ചുവരുന്നതും അപ്ഗ്രഡേഷന് അപേക്ഷ നൽകുകയും വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നിട്ടുപോലും പ്രസ്തുത അപേക്ഷ പരിഗണിക്കാത്തതിന്റെ പേരിൽ പ്രൈമറിതലത്തിൽ വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിയും വരുന്ന സാഹചര്യം നിലനിൽക്കുന്ന നിരവധി സ്കൂളുകൾ ഇന്ന് സംസ്ഥാനത്തുണ്ട്. അക്കൂട്ടത്തിൽപ്പെടുന്നവയാണ് വയനാട് ജില്ലയിലെ കുഞ്ഞോം ജി.എൽ.പി.എസ്., പള്ളിക്കൽ ജി.എൽ.പി.എസ്., കെല്ലൂർ ജി.എൽ.പി.എസ്., നെല്ലിയമ്പം ജി. എൽ. പി. എസ്. എന്നീ സ്കൂളുകൾ. പ്രസ്തുത സ്കൂളുകളിലെല്ലാം ആവശ്യത്തിലേറെ കുട്ടികളും ഭൗതിക സൗകര്യങ്ങളും ഉണ്ടായിട്ടും യു.പി. സ്കൂളായി ഉയർത്തണമെന്നതു സംബന്ധിച്ച ആവശ്യം

ആരുടെയും ശ്രദ്ധയിൽപ്പെടാതെ പോയത് തികച്ചും ദൗർഭാഗ്യകരമാണെന്ന് സമിതി വിലയിരുത്തുന്നു.

വയനാട് ജില്ലാ പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുമായും ജില്ലാ കളക്ടറുമായും ഈ ആവശ്യം സംബന്ധിച്ച് സമിതി നടത്തിയ ചർച്ചയിലും ഈ ആവശ്യം അടിയന്തര മായി പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ശക്തമാവുകയാണുണ്ടായത്.

ആയതിനാൽ, വയനാട് ജില്ലയിലെ മേൽപ്പറഞ്ഞ സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്ത് 100 വർഷം കഴിഞ്ഞതും ആവശ്യത്തിലധികം കുട്ടികൾ ഉള്ളതും യു.പി. സ്കൂളായി അപ്ഗ്രേഡേഷന് ശിപാർശ ചെയ്യപ്പെട്ടതും ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതും ആവശ്യമെങ്കിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കാമെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഉറപ്പു നൽകിയതുമായ സർക്കാർ സ്കൂളുകൾ അധിക സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ തന്നെ അപ്ഗ്രേഡ് ചെയ്യാൻ സാധിക്കുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സമിതിയുടെ കർത്തവ്യനിർവ്വഹണത്തിന്റെ ഭാഗമായാണ് ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്.

വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ സ്കൂളുകൾ അനുവദിക്കുന്ന കാര്യം പഠന വിധേയ മാക്കേണ്ടതുണ്ടെന്ന് 29-8-2013-ലെ സമിതി യോഗം തീരുമാനിച്ചു. ആർ.എം.എസ്.എ. പദ്ധതിപ്രകാരം യു.പി. സ്കൂളുകളിൽ എട്ടാം ക്ലാസ്സുകൾ കൂടി തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലായെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ, ഇക്കാര്യം സംബന്ധിച്ചും പഠനം നടത്തേണ്ടതുണ്ടെന്നും സമിതി തീരുമാനിച്ചു. മേൽ സാഹചര്യത്തിൽ, പിന്നോക്കസമുദായ ക്ഷേമ പരിപാടിയുടെ ഭാഗമായി വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ സമിതി തീരുമാനിക്കുകയും അതിൻപ്രകാരം വിവരശേഖരണത്തിനുള്ള ചോദ്യാവലി തയ്യാറാക്കി പൊതുവിദ്യാഭ്യാസ വകുപ്പിലേക്ക് അയച്ചുകൊടുത്തു. സമിതി വയനാട് ജില്ലയിലെ പിന്നോക്കപ്രദേശങ്ങളായ നെല്ലിയമ്പം, പള്ളിക്കൽ, കെല്ലൂർ, കുഞ്ഞോം എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഗവ. എൽ.പി. സ്കൂളുകൾ സന്ദർശി ക്കുകയും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുമായും വയനാട് ജില്ലാ കളക്ടറുമായും 30-9-2014-ന് ചർച്ച നടത്തുകയും ചെയ്തു. തുടർന്ന്, സമിതി 19-11-2014-ൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുമായി വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് തെളിവെടുപ്പ് നടത്തി. മേൽപ്പറഞ്ഞ തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും സന്ദർശനത്തിന്റെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ

സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതകളും കണ്ടെത്തലുകളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

**സമിതിയുടെ കണ്ടെത്തലുകളും നിഗമനങ്ങളും**

വയനാട്ടിലെ കുടിയേറ്റ മേഖലയിൽ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന നെല്ലിയമ്പം പ്രദേശത്ത് 1998-ൽ DPEP പദ്ധതിപ്രകാരമാണ് ഗവ. എൽ.പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. നെല്ലിയമ്പം പണിയക്കോളനി, നെല്ലിയമ്പം കുറുമക്കോളനി, കാവടം മേലെക്കോളനി, താഴെക്കോളനി, പുത്തനങ്ങാടി കോളനി, ചെമ്പോട്ടിക്കോളനി, മാത്തൂർക്കോളനി, നടവയൽ കുറിച്യക്കോളനി, നടവയൽ കുറുമക്കോളനി തുടങ്ങിയ നിരവധി ആദിവാസിക്കോളനികളിലെ വിദ്യാർത്ഥികൾക്ക് സുഗമമായി എത്തിച്ചേരാൻ കഴിയുന്ന പ്രദേശത്താണ് നെല്ലിയമ്പം സ്കൂൾ സ്ഥിതി ചെയ്യുന്നത്. 100 ശതമാനവും ന്യൂനപക്ഷ-പിന്നോക്ക-പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ ഓരോ വർഷവും ഒന്നാം ക്ലാസ്സ് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി സമിതി കണ്ടെത്തി. ഇവർ നാലാം ക്ലാസ്സ് വരെ പഠനം കൃത്യമായി പൂർത്തിയാക്കുന്നുണ്ടെങ്കിലും തുടർ പഠനത്തിനായി 4-5 കി.മീ. അകലെയുള്ള പനമരം ജി.എച്ച്.എസ്.എസ്.-നെയും നടവയൽ സെന്റ് തോമസ് എച്ച്.എസ്.എസ്.-നെയുമാണ് ആശ്രയിക്കുന്നത്. ഗതാഗത സൗകര്യങ്ങൾ തീരെ അപര്യാപ്തമായ ഈ പ്രദേശത്ത് അകലെയുള്ള സ്കൂളുകളിലേക്കുള്ള യാത്ര മാതാപിതാ ക്കൾക്കും കുട്ടികൾക്കും സാമ്പത്തികവും മാനസികവുമായ ബുദ്ധിമുട്ടുകൾ വരുത്തി വയ്ക്കുന്നതിനാൽ തുടർ പഠനത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്നതായി സമിതി വിലയിരുത്തി.

പ്രസ്തുത സ്കൂളിൽ യു.പി. സ്കൂളായി പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാവിധ ഭൗതിക സാഹചര്യങ്ങളുമുണ്ട്. 1 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ ക്ലാസ്സ് മുറികൾ, ഓഫീസ്-സ്റ്റാഫ് റൂമുകൾ, ടോയ്‌ലെറ്റ്-ശുചിമുറി സൗകര്യങ്ങൾ, കുടിവെള്ള സ്രോതസ്, കളിസ്ഥലം എന്നിവ ലഭ്യമാണ്.

വയനാട് ജില്ലയിൽ മാനന്തവാടി ഉപജില്ല പരിധിയിൽപ്പെടുന്ന എടവക ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവ. എൽ.പി. സ്കൂൾ പള്ളിക്കൽ. 1896-ലാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. തുടർച്ചയായ 118 വർഷത്തെ സേവനത്തിലൂടെ ഒരു പ്രദേശത്തിന്റെ സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് ഈ സ്ഥാപനം. നിലവിൽ പ്രീ പ്രൈമറി മുതൽ 4 വരെ 250 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നു. ചെറുകിട കർഷകർ, കർഷകത്തൊഴിലാളികൾ, കൂലിപ്പണിക്കാർ തുടങ്ങി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ മക്കളായ ഇവരിൽ 75% മുസ്ലീം-ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവരാണ്. രാവിലെയും വൈകുന്നേരവുമുള്ള മദ്രസ്സാ

പഠനം അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഈ കുട്ടികളുടെയും കുടുംബങ്ങളുടെയും സാമൂഹികവും മതപരവുമായ ജീവിതാവശ്യങ്ങൾക്ക് സമീപത്ത് യു.പി.സ്കൂളില്ലാത്തത് വളരെയേറെ വിഷമതകൾ സൃഷ്ടിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ശാരീരിക മാനസിക വൈകല്യമുള്ളവരും ഈ സ്കൂളിൽ പഠനം നടത്തുന്നു. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത അകലെയുള്ള സ്കൂളുകളിൽ പഠനം തുടരുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഏഴാം ക്ലാസ് വരെ പ്രവർത്തിക്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, കുടിവെള്ള സൗകര്യത്തിനായി സ്കൂൾ ഗ്രൗണ്ടിലുള്ള കിണറ്റിൽനിന്നും ജലസേചന വകുപ്പിന്റെ പൈപ്പിൽ നിന്നും കുടിവെള്ളം ശേഖരിക്കാൻ 4000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കുകൾ, കളിസ്ഥലം, കമ്പ്യൂട്ടർ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ തുടങ്ങി എല്ലാ സൗകര്യങ്ങളും ഈ സ്കൂളിൽ ലഭ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ കെല്ലൂർ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന കെല്ലൂർ ഗവ. എൽ.പി. സ്കൂളിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കക്കാരായ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളും പട്ടികവർഗ്ഗ വിദ്യാർത്ഥികളുമാണ് 94 ശതമാനത്തിലധികവും പഠിച്ചുകൊണ്ടിരിക്കുന്നത്, 1885-ൽ ആരംഭിച്ച പ്രസ്തുത സ്കൂൾ ഇപ്പോഴും ശൈശവാസ്ഥയിലാണ്. ആനാട്ടിക്കുന്ന് കോളനി, പഴഞ്ചേരിക്കുന്ന് കോളനി, നെടുംപാലക്കുന്ന് കോളനി എന്നിവിടങ്ങളിൽ നിന്നുമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നു. നാലാം ക്ലാസിനുശേഷമുള്ള തുടർപഠനത്തിനായി 3 കി.മി. അകലെയുള്ള സ്കൂളിനെ ആശ്രയി ക്കേണ്ടിവരുന്നതിനാൽ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. 131 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്ന ഈ സ്കൂളിൽ 8 ക്ലാസ് മുറികളും ഓഫീസ് റൂമും പാചകപ്പുരയും പാചകത്തിനാവശ്യമായ ധാന്യങ്ങൾ ശേഖരിച്ച് വയ്ക്കുന്നതിനുള്ള സ്റ്റോർ റൂമുമടക്കം വിപുലമായ സൗകര്യങ്ങളാണ് ഉള്ളത്. സ്കൂൾ കോമ്പൗണ്ടിൽ തന്നെ കിണറും മറ്റ് കുടിവെള്ള സൗകര്യങ്ങളും നിലവിലുണ്ട്. 6 ടോയ്‌ലെറ്റുകളും 23 യൂറിനലുകളും ഉള്ളതുകൂടാതെ എം.എസ്.ടി.പി. പദ്ധതി പ്രകാരം 75 ലക്ഷം രൂപ കെട്ടിടനിർമ്മാണ ത്തിനായി അനുവദിച്ചിട്ടുണ്ട്. 1 ഏക്കർ 38 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത സ്കൂളിൽ വിശാലമായ കളി സ്ഥലവും ലഭ്യമാണ്.

വയനാട് ജില്ലയിലെ ഏറ്റവും പിന്നോക്ക പ്രദേശങ്ങളിലൊന്നായ മാനന്തവാടി വിദ്യാഭ്യാസ ഉപജില്ലയിലെ കുഞ്ഞോത്ത് എന്ന പ്രദേശത്ത് 1903-ൽ സ്ഥാപിതമായ ഗവ. മാപ്പിള എൽ.പി.സ്കൂളിൽ 1965 വരെ 1 മുതൽ 5 വരെ ക്ലാസുകൾ പ്രവർത്തിച്ചുവന്നിരുന്നു. പിന്നീട് അത് 4-ാം ക്ലാസുവരെയായി മാറുകയുണ്ടായി. 1973 കാലഘട്ടത്തിൽ വിദ്യാർത്ഥി കളുടെ എണ്ണം വർദ്ധിച്ചതിനാൽ സ്കൂളിൽ വിപുലമായ ഭൗതികസാഹചര്യങ്ങൾ ഏർപ്പെടുത്തു കയുണ്ടായി. 2011-ൽ ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഈ പ്രദേശത്ത് ഹൈസ്കൂളും 2014 ൽ ഹയർ സെക്കന്ററി സ്കൂളും

അനുവദിക്കുകയുണ്ടായി. മേൽ പരാമർശിച്ച എൽ.പി. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ചു കൊണ്ടാണ് ഈ സ്കൂളുകൾ പ്രവൃത്തി ക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിലായിട്ടും ഇരുപതോളം ആദിവാസി കോളനികളിലെ കുട്ടികളും ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികളും പ്രസ്തുത എൽ.പി.സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തുടർ വിദ്യാഭ്യാസത്തിനായി 6 കി.മീ. അകലെയുള്ള എ.യു.പി. സ്കൂൾ, കുഞ്ഞോം എന്ന വിദ്യാലയത്തെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ പ്രസ്തുത എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തണമെന്നതാണ് സമിതി മുമ്പാകെയുള്ള ആവശ്യം.

ത്രിതല പഞ്ചായത്തുകളുടെയും എസ്.എസ്.എ., ബി.ആർ.ഇ.എഫ്. തുടങ്ങിയ പദ്ധതികൾ പ്രകാരവും യു.പി. സ്കൂളിന്റെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം ഇവിടെ ലഭ്യമായിട്ടുണ്ട്. കൂടതെ, എം.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണ ത്തിനായി 40 ലക്ഷം രൂപ ഈ വിദ്യാലയത്തിന് അനുവദിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള യൂറിനൽ, ടോയ്ലെറ്റ് സൗകര്യങ്ങൾ ഇവിടെയുണ്ട്. ജലസമൃദ്ധമായ കിണർ, 2000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക്, വാട്ടർടാപ്പ് എന്നിവ ഉൾപ്പെടുന്ന കുടിവെള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്.

5, 6, 7 ക്ലാസുകൾ ഒഴികെ പ്രീ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ സുഗമമായി പ്രവർത്തിച്ചുവരുന്ന ഈ വിദ്യാലയത്തിന് യു.പി. വിഭാഗം കൂടി അനുവദിച്ചാൽ ആദിവാസി-ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന 1200-ഓളം കുടുംബത്തിലെ കുട്ടികൾക്ക് വളരെയേറെ പ്രയോജനമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല, ഇവിടെ യു.പി. വിഭാഗം അനുവദിക്കുക വഴി സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയോ മറ്റ് സ്കൂളുകൾക്ക് ബാദ്ധ്യതയോ ഉണ്ടായിരിക്കുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആദിവാസി ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന കൂലിപ്പണിക്കാരുടെയും തോട്ടം തൊഴിലാളികളുടെയും മക്കളായ ഈ സ്കൂളിലെ വിദ്യാർത്ഥികൾ അപ്പർ പ്രൈമറി പഠനത്തിനായി 10 കീ.മി. ദൂരം വനപ്രദേശങ്ങളിലൂടെ നടക്കേണ്ടതായി വരുന്നതായും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം V, ചട്ടം 2, 2 എ-യിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും വ്യവസ്ഥകൾ ഉണ്ടെന്നും വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള ചട്ടത്തിലെ സെക്ഷൻ 6(1) എ, ബി അനുസരിച്ച് 1 മുതൽ 5 വരെ ക്ലാസുകൾ ഉള്ള സ്കൂൾ ഒരു കി.മീറ്ററിനുള്ളിലും 6 മുതൽ 8 വരെ ക്ലാസുകൾ ഉള്ള സ്കൂൾ 3 കിലോമീറ്ററിനുള്ളിലും ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, ടി ആക്ട് സെക്ഷൻ 6(2)-ൽ നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾ സെക്ഷൻ 6(1)-ൽ നിഷ്കർഷിച്ച തനുസരിച്ച് ആവശ്യമെങ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിനെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

തീരദേശ/മലയോര പിന്നോക്ക മേഖലകളിലെ കുട്ടികൾ കിലോമീറ്ററുകളോളം അകലെയുള്ള സ്കൂളുകളെയാണ് വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്നതെന്നും ആയതിനാൽ, ഈ പ്രദേശങ്ങളിലെ രക്ഷാകർത്താക്കളും വിദ്യാർത്ഥികളും ശാരീരികമായും മാനസികമായും സാമ്പത്തികമായും വിഷമതയനുഭവിക്കുന്നുവെന്നും സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്ക് വച്ച് നിർത്താൻ നിർബന്ധിതരാകുന്നുവെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. യു.പി, ഹൈസ്കൂൾ വിഭഗങ്ങളിൽ ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് അനുഭവപ്പെടുന്നത് വയനാട് ജില്ലയിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് 2.5% ആണ്. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ന്നവരുടെ കൊഴിഞ്ഞുപോക്ക് 0.61 ശതമാനവും പട്ടികവർഗ്ഗത്തിന്റേത് 3.71 ശതമാനവുമാണ്.

സ്കൂൾ അനുവദിക്കണം/അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി കളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടി, 13-6-2007-ലെ സ.ഉ. (പി) 107/2007/പൊ.വി.വ. അനുസരിച്ച് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കു ന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ, ഭേദഗതി വരുത്തുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല എന്നുമാണ്.

ശാസ്ത്രവും സാങ്കേതികവിദ്യയും പുരോഗതിയുടെ അത്യുന്നതങ്ങളിൽ എത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ പിന്നോക്ക പ്രദേശങ്ങളിലെ കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കുന്നില്ല എന്നത് വളരെ ഖേദകരമാണ്. മതിയായ വിദ്യാഭ്യാസം ലഭിക്കാത്തതിനാൽ പിന്നോക്കപ്രദേശങ്ങളിൽനിന്ന് സർക്കാർ മേഖലയിലും ഉന്നത വിദ്യാഭ്യാസം ആവശ്യമുള്ള മേഖലകളിലും ജോലി ചെയ്യുന്നവർ വളരെ പരിമിതമാണ്. ഗതാഗതസൗകര്യങ്ങൾ തീരെ അപര്യാപ്തമായ മലയോര മേഖലകളിലെ വനപ്രദേശങ്ങളിലൂടെ കിലോമീറ്ററുകൾ സഞ്ചരിച്ച് വിദ്യാഭ്യാസം നേടുക എന്നത് രക്ഷാകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും സാമ്പത്തികവും മാനസികവുമായ പ്രയാസം സൃഷ്ടിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും ഏർപ്പെടുത്തിയ നിയന്ത്രണം സംബന്ധിച്ച് സർക്കാർ പുനരവലോകനം നടത്തേണ്ടത് ആവശ്യമാണെന്ന് സമിതി കരുതുന്നു.

വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന ദൂരപരിധിക്കുള്ളിൽ സർക്കാർ-എയ്ഡഡ് സ്കൂളുകൾ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് 5-10-2013-ലെ 36759/എഫ്1/2013/പൊ.വി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി പ്രകാരം വിദ്യാഭ്യാസ അവകാശനിയമത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള സ്കൂൾ മാപ്പിംഗും സർവ്വേയും നടന്നുകൊണ്ടിരിക്കുകയാണെന്നാണ്. പ്രസ്തുത സ്കൂൾ മാപ്പിംഗും സർവ്വേയും അടിയന്തരമായി പൂർത്തിയാക്കി വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി

<u>അത്തരം പ്രദേശങ്ങളിൽ സ്കൂളുകൾ അനുവദിക്കണമെന്നും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

ആലപ്പുഴ, കോട്ടയം ജില്ലകളിലൊഴിച്ച് തീരദേശ മേഖലകളിലും വിദ്യാലയങ്ങളിൽ എത്തിപ്പെടാൻ പ്രയാസമുള്ള മേഖലകളിലും ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നത്. ഏകാദ്ധ്യാപക വിദ്യാലയത്തിൽ പൊതുവിദ്യാഭ്യാസ കരിക്കുലം അനുസരിച്ചാണ് പഠനമെങ്കിലും സർക്കാർ നടത്തുന്ന കലാകായിക ശാസ്ത്ര പ്രവൃത്തി പരിചയമേളകളിലൊന്നും ഈ പഠിതാക്കളെ പങ്കെടുപ്പിക്കാൻ വിദ്യാഭ്യാസവകുപ്പ് അനുവദിക്കുന്നില്ല. വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നിൽക്കുന്ന വനമേഖലയിലെ ഗോത്രവർഗ്ഗ കോളനികളും മറ്റും കേന്ദ്രീകരിച്ചാണ് ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതെന്നതുകൊണ്ട് വിദ്യാലയങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം കൂടുതലാണ്. സംസ്ഥാനത്ത് ആകെ 321 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ നിലവിലുണ്ടെന്നും ഇവയിൽ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന 111 ഏകാദ്ധ്യാപക വിദ്യാലയങ്ങളെ 1-3-2014-ലെ ജി.ഒ. (എംഎസ്.) 44/2014/പൊ.വി.വ. അനുസരിച്ച് ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്താൻ ഉത്തരവായിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചു. എല്ലാ വിഭാഗം ജനങ്ങൾക്കും നീതി ലഭ്യമാക്കണമെന്നും സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സമിതിയുടെ വയനാട് ജില്ലാ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ തെളിവെടുപ്പ് യോഗത്തിൽ ഇത്തരം സ്ഥാപനങ്ങൾ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് അൺ ഇക്കണോമിക് സ്കൂളുകൾ നിർത്തൽ ചെയ്തതിന്റെ ഫലമായി ഉണ്ടായ അദ്ധ്യാപക ബാങ്കിൽ നിന്നുമുള്ള അദ്ധ്യാപകരെ ഉൾപ്പെടുത്തിയും മേൽ സൂചിപ്പിച്ച ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയും അപ്ഗ്രേഡ് ചെയ്യാമെന്ന് സമിതിക്ക് ഉറപ്പ് നൽകിയിട്ടുണ്ട്.

## സമിതിയുടെ ശിപാർശകൾ

1. വിദ്യാഭ്യാസം എല്ലാ പൗരന്മാരുടെയും മൗലികാവകാശമാണ്. 14 വയസ്സുവരെ പ്രായമുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന് ഭരണഘടനയുടെ 45-ാം അനുച്ഛേദം അനുശാസിക്കുന്നു. എന്നാൽ ഇന്ന് രാജ്യത്ത് നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ പരിഗണിക്കുമ്പോൾ 'സാർവ്വത്രിക വിദ്യാഭ്യാസം' എന്നത് പ്രായോഗികമാക്കാൻ വളരെ ബുദ്ധിമുട്ടുകൾ ഉണ്ട്. ഈ പശ്ചാത്തല ത്തിലാണ് കേന്ദ്ര ഗവൺമെന്റ് 2010 ഏപ്രിൽ 1-ന് വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വരുത്തിയത്. കേരളത്തിലെ പിന്നോക്ക

പ്രദേശങ്ങളിലും പിന്നോക്ക വിഭാഗങ്ങൾക്കും സ്കൂളുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി ഹർജികളാണ് സമിതി മുമ്പാകെ ലഭിച്ചുകൊണ്ടിരിക്കുന്നത്. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം V ചട്ടം 2 (1) ഡി, ഇ എന്നിവയ്ക്ക് വിധേയമായി സംസ്ഥാനത്ത് വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പിന്നോക്ക, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ വസിക്കുന്ന പ്രദേശങ്ങളെ പരിഗണിക്കണമെന്നാണ് സമിതിയുടെ ശക്തമായ അഭിപ്രായം. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം V, ചട്ടം 2 എ അനുസരിച്ച് സംസ്ഥാനത്ത് പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ടി നടപടികൾ സ്വീകരിക്കുമ്പോൾ അതതു പ്രദേശത്തെ വിദ്യാഭ്യാസപരവും സാമൂഹികവുമായ ആവശ്യകത കണക്കിലെടുക്കാറുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സംസ്ഥാനത്ത് സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള സ്കൂൾ മാപ്പിംഗും സർവ്വേയും സംബന്ധിച്ച നടപടികൾ ദ്രുതഗതിയിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം V, ചട്ടം2, 2 എയിൽ സർക്കാർ/ എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് വ്യവസ്ഥകൾ ഉണ്ട്. കൂടാതെ, വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള ചട്ടത്തിലെ സെക്ഷൻ 6(1), എ, ബി അനുസരിച്ച് ഒന്നു മുതൽ 5 വരെ ക്ലാസുകൾ ഉള്ള സ്കൂൾ ഒരു കിലോമീറ്ററിനുള്ളിലും 6 മുതൽ 8 വരെ ക്ലാസുകൾ ഉള്ള സ്കൂൾ 3 കി.മീറ്ററിനുള്ളിലും ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, ടി ആക്ട് സെക്ഷൻ 6(2)-ൽ നിലവിലുള്ള ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകൾ സെക്ഷൻ 6(1)-ൽ നിഷ്കർഷിച്ചതനുസരിച്ച് ആവശ്യമെങ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിനെ കുറിച്ചും പ്രതിപാദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കേരളത്തിലെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആയി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ ആവശ്യകത പരിഗണിച്ച് സമിതി നേരിട്ട് സന്ദർശനം നടത്തിയ വയനാട് ജില്ലയിലെ ആദിവാസി, പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾ ഭൂരിപക്ഷവും പഠിക്കുന്നതും 100-130 വർഷം വരെ പഴക്കമുള്ളതുമായ നാല് സ്കൂളുകൾ ഉൾപ്പെടെ കേരളത്തിലെ 3 കിലോമീറ്ററിനുള്ളിൽ യു.പി. സ്കൂളുകൾ ഇല്ലാത്തതും ഭൗതിക സാഹചര്യം ഒരുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധമായതുമായ സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിക്കണമെന്നും നിലവിലുള്ള ഗവൺമെന്റ് എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നും അടുത്ത അദ്ധ്യയനവർഷം തന്നെ ആയവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

3. ലാഭകരമല്ലാത്തതും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതുമായ സ്കൂളുകളിലാണ്

വലിയൊരു ശതമാനം ദളിത് വിദ്യാർത്ഥികൾ പഠിക്കുന്നത്. ലാഭകരമല്ലാത്ത സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെട്ടാൽ അത്തരം സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് സർക്കാർ പണം ചെലവഴിക്കാറില്ല. ഇന്ത്യയിലെതന്നെ ജനസാന്ദ്രത ഏറിയ പ്രദേശങ്ങളിലൊന്നായ കേരളത്തിന്റെ തീരദേശമേഖലകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സൗകര്യങ്ങളുടെ ഗതിയും സമാനമാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നപക്ഷം സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും അവ ലാഭകരമായി തീരുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മലയോര/തീരദേശ മേഖലകളിലെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എൽ.പി./യു.പി. സ്കൂളുകളിൽ ഭൗതികസാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. വിദ്യാഭ്യാസ അവകാശനിയമപ്രകാരം പ്രൈമറി തലത്തിൽ ഓരോ 60 കുട്ടികൾക്കും പരിശീലനം ലഭിച്ച രണ്ടു ടീച്ചർമാർ ഉണ്ടായിരിക്കേണ്ടതാണ്. മലയോര/തീരദേശ മേഖലകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകരില്ല എന്നത് കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അദ്ധ്യാപക ബാങ്കിൽനിന്ന് അദ്ധ്യാപകരെ പുനർവിന്യസിച്ച് പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. മലയോര/തീരദേശ മേഖലകളിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കാൽനടയായും മറ്റും കിലോമീറ്ററുകളോളം സഞ്ചരിച്ചാണ് സ്കൂളുകളിൽ എത്തുന്നത്. ഇത് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ശാരീരികവും സാമ്പത്തികവും മാനസികവുമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടെന്നും ഇക്കാരണത്താൽ അവർ തുടർ പഠനം നടത്തുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും മെച്ചപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സി. മമ്മൂട്ടി,

*ചെയർമാൻ,*

*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.